©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 15** Vol. XV | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2026 ജൂലൈ 06** 06th July 2026 **1201 മിഥുനം 22** 22nd Mithunam 1201 **1948 ആഷാഢം 15** 15th Ashadha 1948 | **നമ്പർ** No. | **2006** |

കേരള സർക്കാർ

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (അച്ചടി) നം. 16/2026/മ.തു.വ .
**എസ്. ആർ. ഒ. നമ്പർ 619/2026**

തിരുവനന്തപുരം, 2026 ജൂലൈ 06
1201 മിഥുനം 22

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിന്റെ (2017-ലെ 16) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 ഓഗസ്റ്റ് 2-ാം തീയതിയിലെ സ. ഉ. (പി) 31/2019/മ.തു.വ. നമ്പർ ഉത്തരവായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിച്ചതും 2019 ഓഗസ്റ്റ് 8-ാം തീയതിയിലെ 1811-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ.527/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് കേരള മാരിടൈം ബോർഡ് സ്ഥാപിച്ചുകൊണ്ടും ബോർഡിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2025 ജൂൺ 14-ാം തീയതിയിലെ സ. ഉ. (പി) നം.11/2025/മ.തു.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചതും 2025 ജൂൺ 16-ാം തീയതിയിലെ 2200-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 677/2025 നമ്പർ ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള മാരിടൈം ബോർഡ് പുനഃസംഘടിപ്പിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017-ലെ 16) പ്രകാരം രൂപീകരിക്കപ്പെട്ട കേരള മാരിടൈം ബോർഡ് അതിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും;

2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ വാർഷിക ഭരണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നതിൽ ബോർഡ് പരാജയപ്പെട്ടതിനാലും, ആക്റ്റിലെ 88- ാംവകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ വയ്ക്കണമെന്ന സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്തം നിറവേറ്റുന്നതിന് തടസ്സം സൃഷ്ടിച്ചതിനാലും;

2023 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള ആഡിറ്റ് റിപ്പോർട്ടിൽ, തുറമുഖങ്ങളുമായി ബന്ധപ്പെട്ട ഗ്രാന്റിൽ റവന്യു കുടിശ്ശിക, ബജറ്റ് വിനിയോഗത്തിലെ വീഴ്ചകൾ, പദ്ധതികളിലെ കുറഞ്ഞ വിനിയോഗം, ബജറ്റ് വിഹിതമില്ലാത്ത ചെലവുകൾ, പൂർണ്ണമായും വിനിയോഗിക്കാത്ത വിഹിതം, ഫണ്ടുകളുടെ അനാവശ്യ ധനവിനിയോഗം തുടങ്ങിയ സാരമായ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിനാലും, ആയത് ഗുരുതരമായ സാമ്പത്തിക അച്ചടക്കമില്ലായ്മയേയും ആക്റ്റിന്റെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, 14-ാം വകുപ്പ് (1 എ) ഉപവകുപ്പ് എന്നിവ പ്രകാരം സർക്കാരിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലുള്ള ബോർഡിന്റെ പരാജയത്തെയും പ്രതിഫലിപ്പിക്കുന്നതിനാലും;

2026 ജൂൺ 10-ാം തീയതിയിലെ ബോർഡിന്റെ HOKMB-TVM/52/2026-C4 നമ്പർ കത്ത് പ്രകാരം, സംസ്ഥാനത്തെ ആകെ 17 ചെറുകിട തുറമുഖങ്ങളിൽ 13-ലും - ബോർഡിന്റെ അധികാരപരിധിയുടെ ഏകദേശം 76% - നിലവിൽ അടിസ്ഥാന സൗകര്യങ്ങളോ പ്രവർത്തനങ്ങളോ ഇല്ലെന്നും ആയതിനാൽ 2025- ലെ ഇന്ത്യൻ പോർട്സ് ആക്റ്റ് (2025-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലെ 27) പ്രകാരം ഈ തുറമുഖങ്ങളെ 'പ്രവർത്തക്ഷമമല്ലാത്തവ' ആയി പ്രഖ്യാപിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതിനാലും ഇത് കേരള മാരിടൈം ബോർഡ് ആക്റ്റിലെ 3, 23 എന്നീ വകുപ്പുകൾ അനുസരിച്ച് തുറമുഖങ്ങളുടെ ഭരണം, നിയന്ത്രണം, നടത്തിപ്പ് എന്നിവയുടെ നിയമപരമായ ഉദ്ദേശ്യം നിറവേറ്റുന്നതിലുള്ള ബോർഡിന്റെ അടിസ്ഥാനപരമായ പരാജയമായതിനാലും;

സംസ്ഥാന മാരിടൈം ആന്റ് വാട്ടർ ട്രാൻസ്പോർട്ട് പ്ലാൻ 2047-ന്റെ സമാഹാരം, തുറമുഖ സേവനങ്ങളുടെ സംയോജനം എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ബോർഡ് പരാജയപ്പെട്ടതിനാലും;

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിലെ (2017-ലെ 16), 90-ാം വകുപ്പ് (1) -ഉം (2) ഉം ഉപവകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ കേരള മാരിടൈം ബോർഡിനെ ഉടൻ പ്രാബല്യത്തിൽ പിരിച്ചുവിടുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്**

സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി 2017 - ലെ കേരള മാരിടൈം ബോർഡ് ആക്റ്റിലെ (2017 ലെ 16) 3 -ാം വകുപ്പ് പ്രകാരം കേരള സർക്കാർ കേരള മാരിടൈം ബോർഡ് രൂപീകരിച്ചു.

കേരള മാരിടൈം ബോർഡ് അതിന്റെ നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയതും, സാമ്പത്തിക അച്ചടക്കമില്ലായ്മയും ഭരണപരമായ പരാജയവും കണക്കിലെടുത്ത് 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017 ലെ 16) 90-ാം വകുപ്പ് (1) -ഉം (2) - ഉം ഉപവകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അധികാരങ്ങൾ വിനിയോഗിച്ചും 04.06.2026- ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ (ഇനം നമ്പർ 30 O.A.) അടിസ്ഥാനത്തിലും കേരള മാരിടൈം ബോർഡിനെ അതിലംഘിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.06 05:43:01 +05:30